File No.GEDN-J3/169/2017-G.EDN

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം-2018-19 വർഷം തസ്തിക നഷ്ടമാകുന്ന അനദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി മാത്രം അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡമായ 1500 കുട്ടികൾ എന്നത് 1200 ആയും 700 എന്നത് 500 ആയും കുറച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(സാധാ) നം.2726/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 19/07/2018

പരാമർശം:- 1 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19-6-18 ലെ കത്ത് നം.എച്ച്2/21500/18/ഡി.പി.ഐ

ഉത്തരവ്

KER നിലവിൽ വന്നപ്പോളുണ്ടായിരുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കാലക്രമേണ കുറച്ചിട്ടുണ്ടെന്നും എന്നാൽ അതിനനുസൃതമായി അനദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചിട്ടില്ലെന്നും തസ്തിക നഷ്ടപ്പെടുന്ന അനദ്ധ്യാപകരെ, അദ്ധ്യാപകരെ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കാതിരുന്നാൽ അത് സ്വാഭാവിക നീതിക്കു തന്നെ എതിരാകുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.2018 - 19 വർഷം തസ്തിക നഷ്ടമാകുന്ന അനദ്ധ്യാപകരെ നിലനിർത്തുന്നതിനു വേണ്ടി താഴെ കാണും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

- 2018 - 19 വർഷം തസ്തിക നഷ്ടമാകുന്ന അനദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി മാത്രം അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡമായ 1500 കുട്ടികൾ എന്നത് 1200 ആയും 700 എന്നത് 500 ആയും കുറയ്ക്കാവുന്നതാണ് .

- ഇപ്രകാരം സംരക്ഷണം നല്കുമ്പോൾ കോർപ്പറേറ്റ് മാനേജ്മെന്റ് , ഒന്നിലധികം സ്കൂളുകളുള്ള സിംഗിൾ മാനേജ്മെന്റ് , ഒരു ജില്ലയിലെ സർക്കാർ സ്കൂളുകൾ എന്നിവ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്

- തസ്തിക നഷ്ടമായി ഇതിനകം പുനർവിന്യസിക്കപ്പെട്ട അനദ്ധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിക്കുന്നതിനും, ഈ വർഷം തസ്തിക നഷ്ടമായി പുറത്താകുന്ന അനദ്ധ്യാപകരെ നിലനിർത്തുന്നതിനുമല്ലാതെ അധിക തസ്തികകൾ

സൃഷ്ടിക്കുന്നതിനോ പുതിയ നിയമനങ്ങൾ നടത്തുന്നതിനോ ഈ പുതിയ അനുപാതം ഉപയോഗിക്കരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകൾക്കും.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൊ.വി. കത്ത് നമ്പർ എച്ച്2/21500/18/ഡി.പി.ഐ. തീ. 20-7-18

ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി എല്ലാ AEO/DEO/DDE മാർക്കും അയക്കുന്നു. ഉത്തരവിലെ നിർദേശ പ്രകാരം അനധ്യാപകരെ നിലനിർത്തുന്ന (2018-19) തിനും നാളിതുവരെ പുനർവിന്യസിക്കപ്പെട്ടവരെ (ഒരു വർഷത്തേക്കും) തിരികെ വിളിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട സ്കൂളിന്റെ തസ്തിക നിർണയം (2018-19) പരിഷ്കരിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു.

പൊ.വി. ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്
എല്ലാ AEO/DEO/DDE മാർക്കും.